# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 679 — 28.9.2016 -ൽ മറുപടിക്ക്

## എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലെ നടപടിക്രമങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക് സൈസും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ജില്ലയിലെ ആലുവ, കൊച്ചി എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്കുപോലും 30 വർഷത്തിലേറെയായിട്ടും യാതൊരു ജോലിയും ലഭിക്കുന്നില്ല എന്ന പൊതു പരാതിയിന്മേൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുമോ; | (എ) ഇതു സംബന്ധിച്ച് നാഷണൽ എംപ്ലോയ് മെന്റ് സർവ്വീസ് (കേരളം) വകുപ്പ് ഉയർന്ന ഉദ്യോഗസ്ഥനെ നിയമിച്ച് അന്വേഷണം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. |
| (ബി) എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലെ നടപടിക്രമങ്ങൾ കംപ്യൂട്ടർവത്ക്കരിച്ച് പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവും ആക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട്. |

(സി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(സി) എംപ്ലോയ് മെന്റ് എക്സ്ചേഞ്ചുകളിലെ നടപടി ക്രമങ്ങൾ കമ്പ്യൂട്ടർവൽക്കരിച്ച് പ്രവർത്തനങ്ങൾ സുതാര്യവും കാര്യക്ഷമവും ആക്കാൻ എൻ.ഐ.സി. മുഖേന ഓൺലൈൻ ആകുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇത് നടപ്പിലാക്കുന്നത് വഴി ഉദ്യോഗാർത്ഥികൾക്കും, ഉദ്യോഗദായകർക്കും മെച്ചപ്പെട്ട സേവനങ്ങൾ സുതാര്യവും കാര്യക്ഷമവുമായി എത്രയും പെട്ടെന്ന് നൽകുവാൻ കഴിയും. ഓൺ ലൈൻ സംവിധാനം നടപ്പിലാക്കുന്നതോടു കൂടി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ